## പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

**അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,**

**തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് - 0471 2727379**

**ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in**


**BCDIR/311/2025-A3** **തീയതി : 06-06-2025**

**ഭരണഭാഷ – മാതൃഭാഷ**

**സർക്കുലർ**

സംസ്ഥാനത്തെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യ പദ്ധതി പ്രകാരം ഒ.ഇ.സി/ഒ.ബി.സി(എച്ച്)/എസ്.ഇ.ബി.സി വിഭാഗം വിദ്യാർത്ഥികൾ 2025-26 അധ്യയന വർഷം മുതൽ അപേക്ഷകൾ സമർപ്പിക്കേണ്ടതിന്റേയും തുടർന്നുള്ള നടപടികളുടേയും സമയക്രമം സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിക്കുന്നു.

| വിദ്യാഭ്യാസാനുകൂല്യ പദ്ധതി | അപേക്ഷാ നടപടികളുടെ സമയക്രമം |
| --- | --- |
| സംസ്ഥാനത്ത് പ്ലസ്-ടു പഠനം നടത്തുന്ന ഒ.ഇ.സി/ഒ.ബി.സി(എച്ച്) വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യത്തിനുള്ള റിന്യൂവൽ അപേക്ഷകൾ. | ജൂലൈ 31 നകം അതത് സ്ഥാപനങ്ങളിൽ നിന്നും ഫോർവേഡ് ചെയ്യേണ്ടതാണ്. |
| പ്ലസ് വൺ ഒ.ഇ.സി/ഒ.ബി.സി(എച്ച്) വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം. | പ്രവേശന നടപടികൾ പൂർത്തിയാക്കി ക്ലാസ്സുകൾ ആരംഭിച്ചതിന് ശേഷം 30 ദിവസങ്ങൾക്കകം വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ സ്വീകരിച്ച് തുടർന്നുള്ള 15 ദിവസങ്ങൾക്കകം സ്ഥാപനങ്ങളിൽ നിന്നും ഫോർവേഡ് ചെയ്യേണ്ടതാണ്. |
| സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് കോളേജുകളിൽ ആദ്യ വർഷമൊഴികെയുള്ള യു.ജി, പി.ജി കോഴ്സുകളിൽ പഠനം നടത്തുന്ന ഒ.ഇ.സി/ഒ.ബി.സി(എച്ച്)/എസ്.ഇ.ബി.സി വിദ്യാർത്ഥികളുടെ റിന്യൂവൽ അപേക്ഷകൾ, സ്വാശ്രയ സ്ഥാപനങ്ങളിൽ ആദ്യ വർഷമൊഴികെയുള്ള യു.ജി, പി.ജി കോഴ്സുകളിൽ പഠനം നടത്തുന്ന ഒ.ഇ.സി/ഒ.ബി.സി(എച്ച്) വിദ്യാർത്ഥികളുടെ റിന്യൂവൽ അപേക്ഷകൾ. | ജൂലൈ 31 നകം അതത് സ്ഥാപനങ്ങളിൽ നിന്നും ഇ-ഗ്രാന്റ്സ് മുഖേന ഫോർവേഡ് ചെയ്യേണ്ടതാണ്. |
| സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് | |

| | |
|---|---|
| കോളേജുകളിൽ ഒന്നാം വർഷ ബിരുദ, ബിരുദാനന്തര പഠനം നടത്തുന്ന ഒ.ഇ.സി/ഒ.ബി.സി(എച്ച്)/എസ്.ഇ.ബി.സി വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം, സ്വാശ്രയ സ്ഥാപനങ്ങളിൽ ഒന്നാം വർഷ ബിരുദ, ബിരുദാനന്തര പഠനം നടത്തുന്ന ഒ.ഇ.സി/ഒ.ബി.സി(എച്ച്) വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം. | പ്രവേശന നടപടികൾ പൂർത്തിയാക്കി ക്ലാസ്സുകൾ ആരംഭിച്ചതിന് ശേഷം 30 ദിവസങ്ങൾക്കകം വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ സ്വീകരിച്ച് തുടർന്നുള്ള 15 ദിവസങ്ങൾക്കകം സ്ഥാപനങ്ങളിൽ നിന്നും ഫോർവേഡ് ചെയ്യേണ്ടതാണ്. |
| സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് കോളേജുകളിൽ ആദ്യ വർഷമൊഴികെയുള്ള പ്രൊഫഷണൽ കോഴ്സുകളിൽ പഠനം നടത്തുന്ന ഒ.ഇ.സി/ഒ.ബി.സി(എച്ച്)/എസ്.ഇ.ബി.സി വിദ്യാർത്ഥികളുടെ റിന്യൂവൽ അപേക്ഷകൾ, സ്വാശ്രയ സ്ഥാപനങ്ങളിൽ ആദ്യ വർഷമൊഴികെയുള്ള പ്രൊഫഷണൽ കോഴ്സുകളിൽ പഠനം നടത്തുന്ന ഒ.ഇ.സി/ഒ.ബി.സി(എച്ച്) വിദ്യാർത്ഥികളുടെ റിന്യൂവൽ അപേക്ഷകൾ. | ആഗസ്റ്റ് 30 നകം അതത് സ്ഥാപനങ്ങളിൽ നിന്നും ഇ-ഗ്രാന്റ്സ് മുഖേന ഫോർവേഡ് ചെയ്യേണ്ടതാണ്. |
| സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് കോളേജുകളിൽ പഠനം നടത്തുന്ന ഒ.ഇ.സി, ഒ.ബി.സി(എച്ച്), എസ്.ഇ.ബി.സി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ പി.ജി/മെഡിക്കൽ പി.ജി/ഗവേഷണ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം, സ്വാശ്രയ സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന ഒ.ഇ.സി, ഒ.ബി.സി(എച്ച്) വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ പി.ജി/മെഡിക്കൽ പി.ജി/ഗവേഷണ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം. | പ്രവേശന നടപടികൾ പൂർത്തിയാക്കി ക്ലാസ്സുകൾ ആരംഭിച്ചതിനു ശേഷം 30 ദിവസങ്ങൾക്കകം ടി വിദ്യാർത്ഥികളിൽ നിന്നും ഇ-ഗ്രാന്റ്സ് മുഖേന അപേക്ഷ സ്വീകരിക്കേണ്ടതും തുടർന്നുള്ള 15 ദിവസങ്ങൾക്കകം ടി അപേക്ഷകളുടെ വെരിഫിക്കേഷൻ സ്ഥാപനങ്ങളിൽ നിന്നും പൂർത്തിയാക്കി ഫോർവേഡ് ചെയ്യേണ്ടതുമാണ്. |
| സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് കോളേജുകളിൽ മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന ഒ.ഇ.സി, ഒ.ബി.സി(എച്ച്), എസ്.ഇ.ബി.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം, സ്വാശ്രയ സ്ഥാപനങ്ങളിൽ മെഡിക്കൽ/എഞ്ചിനീയറിംഗ് കോ | പ്രവേശന നടപടികൾ പൂർത്തിയാക്കി ക്ലാസ്സുകൾ ആരംഭിച്ചതിനുശേഷം 30 ദിവസങ്ങൾക്കകം ടി വിദ്യാർത്ഥികളിൽ നിന്നും ഇ-ഗ്രാന്റ്സ് മുഖേന അപേക്ഷ സ്വീകരിക്കേണ്ടതും തുടർന്നുള്ള 15 ദിവസങ്ങൾക്കകം ടി അ |

| | |
|---|---|
| ഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന ഒ.ഇ.സി, ഒ.ബി.സി(എച്ച്) വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥ ികളുടെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനു കൂല്യം. | പേക്ഷകളുടെ വെരിഫിക്കേഷൻ സ് ഥാപനങ്ങളിൽ നിന്നും പൂർത്തിയാ ക്കി ഫോർവേഡ് ചെയ്യേണ്ടതുമാണ്. |

സ്ഥാപനങ്ങളിൽ നിന്നും ഫോർവേഡ് ചെയ്തു ലഭ്യമാക്കുന്ന അപേക്ഷകൾ/ക്ലെയിമുകളിന്മേൽ, ലഭ്യമായി 30 ദിവസത്തിനകം ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകളിൽ നിന്നും തുടർ നടപടികൾ സ്വീകരിച്ച് ഫോർവേഡ് ചെയ്യേണ്ടതും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ഡിസംബർ 30 നകം അതത് അധ്യയന വർഷത്തെ ആനുകൂല്യ വിതരണം പൂർത്തിയാക്കേണ്ടതുമാണ്.

Signed by
G Sidhardhan
Date: 26-06-2025 17:18:32

ഡെപ്യൂട്ടി ഡയറക്ടർ
ഡയറക്ടർക്കു വേണ്ടി

പകർപ്പ്

1. ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്
2. ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
3. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
4. ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്
5. ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
6. ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പ്
7. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
8. ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് (ഹയർസെക്കന്ററി വിഭാഗം)
9. അസി. ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ-എല്ലാ ജില്ലകളിലേയും
10. രജിട്രാർ, സി-ഡിറ്റ്
11. മേഖലാ ആഫീസുകൾ, പിന്നാക്ക വിഭാഗ വികസന വകുപ്പ്
12. നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്
13. കരുതൽ/അധികം